ഖുത്വ്ബ
8.08.08
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

# മുഹയ്മിൻ: അല്ലാഹുവിന്റെ ഗുണനാമം

മുഹയ്മിൻ എന്നത് അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ്. ഈ പദത്തിന് നിഘണ്ടു കർത്താക്കൾ വിവിധ അർത്ഥങ്ങൾ കൊടുത്തിട്ടുണ്ട്. അതാണ് ആദ്യമായി ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്.

ലിസാനുൽ അറബ് ഒരു നിഘണ്ടുഗ്രന്ഥമാണ്. അതിൽ എഴുതുന്നു: പഴയകാലഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട അല്ലാഹുവിന്റെ വിശേഷഗുണങ്ങളാണ് അൽമുഹയ്മിൻ, അൽമുഹയ്മൻ എന്നത്. വിശുദ്ധഖുർആനിൽ ***മുഹയ്മിനൻ അലയ്ഹി*** (5:49) എന്നു വന്നിരിക്കുന്നു. ഇതിന് ചില ആളുകൾ 'സാക്ഷി' എന്നർത്ഥം പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരെ ഭയത്തിൽനിന്ന് സമാധാനത്തിലേക്ക് കൊണ്ടുവരുന്ന ഉണ്മയാണ് മുഹയ്മിൻ. വിഖ്യാതനായ ഭാഷാപണ്ഡിതൻ അൽഅസ്ഹരി പറയുന്നു: മുഹയ്മിൻ എന്നതിന്റെ അർത്ഥം അമീൻ- വിശ്വസ്തൻ എന്നാണ്. ചിലർ 'മുഹതമിൻ' എന്നർത്ഥത്തിലും ഇതു പറഞ്ഞിട്ടുണ്ട്. അതായത് വിശ്വസ്തനായി മനസ്സിലാക്കപ്പെടുന്ന ഉണ്മ. ***മുഹയ്മിനൻ അലയ്ഹി*** എന്നതിന്റെ അർത്ഥം സൃഷ്ടികളുടെ കാര്യത്തിൽ സൂക്ഷിപ്പുകാരനും സംരക്ഷകനും ആയിരിക്കുന്നവൻ. 'മുഹയ്മിൻ' എന്നതിന് ചിലയാളുകൾ 'റഖീബ്' എന്നർത്ഥവും പറഞ്ഞിട്ടുണ്ട്. അതായത്, കാവൽക്കാരൻ.

നിഘണ്ടുവിൽ ഒരിടത്ത് പറയുന്നു: വിശുദ്ധഖുർആൻ ***മുഹയ്മിനൻ അലയ്ഹി*** ആണെന്നതിന് ഒരർത്ഥം ഇത് കഴിഞ്ഞുകടന്ന ഗ്രന്ഥങ്ങളുടെ കാവൽക്കാരനും സംരക്ഷകനുമാണെന്ന് പറയപ്പെട്ടിരിക്കുന്നു. സുഹയ്ബ് നിവേദനം ചെയ്യുന്നു: മനുഷ്യൻ സർവ്വോന്നതനായ ദൈവത്തിൽ വിലയം പ്രാപിക്കുകയും സിദ്ദീഖുകളുടെ കാവലിൽ (മുഹയ്മിനിയ്യത്തിൽ) പ്രവേശിക്കുകയും ചെയ്യുമ്പോൾ അവന്റെ മനസ്സിനെ തെറ്റിച്ചുകളയുന്ന ഒരു ഭൗതികവസ്തുവും അവശേഷിക്കുകയില്ല. 'മുഹയ്മിനിയ്യത്ത്' എന്ന പദം 'മുഹയ്മിൻ' എന്ന പദവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം സിദ്ദീഖുകൾക്ക് ലഭിക്കുന്ന മനഃശാന്തി എന്നാണ്. അതായത്, മനുഷ്യൻ ആ പദവിയിൽ എത്തുമ്പോൾ ഒരു വസ്തുവിനും അവനെ നശിപ്പിക്കാൻ സാധിക്കുകയില്ല. അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും അവൻ ഇഷ്ടപ്പെടുകയുമില്ല. ഇത് 'ലിസാനുൽഅറബി'ന്റെ വിശദീകരണമാണ്.

'അൽഖാമൂസ്' എന്ന നിഘണ്ടുവിൽ പറയുന്നു: 'അൽമുഹയ്മിൻ' എന്നത് അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽപ്പെട്ടതാണ്. 'മുഅ്മിൻ' എന്നർത്ഥത്തിലാണ് അത് പ്രയോഗിച്ചിട്ടുള്ളത്. അതായത്, മറ്റുള്ളവരെ ഭയത്തിൽനിന്ന് സമാധാനത്തിൽ വയ്ക്കുന്ന ഉണ്മ.

'അഖ്റബുൽ മവാരിദ്' ഒരു നിഘണ്ടു ഗ്രന്ഥമാണ്. ഇതിൽ എഴുതിയിരിക്കുന്നു: 'മുഹയ്മിൻ' എന്നത് അല്ലാഹുവിന്റെ വിശേഷഗുണമാണ്. ഇതിന്റെ ഉദ്ദേശ്യം, 'അൽഅമീൻ'- സമാധാനം നല്കുന്ന കാവൽക്കാരൻ. 'അൽമുഹതമൻ', ആരുടെ പക്കലാണോ അമാനത്ത് വെക്കുന്നത് അവൻ. വിശ്വസ്തനെന്ന് ആരെ മനസ്സിലാക്കുന്നുവോ അവൻ.

അശ്ശാഹിദ്= സാക്ഷി. ***അൽഖായിമു അലാ ഖൽഖിഹി ബിഅംവാലിഹിം വഅർസാഖിഹിം വഅജാലിഹിം***. തന്റെ സൃഷ്ടികളുടെ സ്വത്തുക്കളും അവരുടെ ഉപജീവനങ്ങളും അവരുടെ ജീവിതകാലത്തിന്റെ കാവൽക്കാരനും സംരക്ഷകനുമായിട്ടിരിക്കുന്നവൻ.

വിശുദ്ധഖുർആനിൽ ഈ വിശേഷഗുണം രണ്ടിടത്ത് വന്നിട്ടുണ്ട്. ഒന്ന്, മാഇദ അധ്യായത്തിന്റെ 49-ാം വചനം. രണ്ട്, ഹശർ എന്ന അധ്യായത്തിലെ 24-ാം വചനം. മുൻകാല ഖുർആൻ വ്യാഖ്യാതാക്കളും ഈ വചനങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് ചില അർത്ഥങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ആദ്യം ഞാൻ ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞത് വിശദീകരിക്കാം.

ഇസ്മാഈൽ ഹഖ്വി, തഫ്സീർ റൂഹുൽ മആനിയിൽ എഴുതുന്നു: വിശുദ്ധഖുർആനെ 'മുഹയ്മിനൻ അലയ്ഹി' എന്നു പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശ്യം മാറ്റത്തിരുത്തലുകൾ ഉണ്ടായിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും സംരക്ഷകനാകുന്നു അത് എന്നാണ്. ഇനി ഈ ഖുർആൻ, അവയുടെ സത്യതയേയും പ്രബലതയേയും ദൃഢതയേയും ശരീഅത്തിന്റെ അടിസ്ഥാനപരവും ശാഖാപരവുമായ നിയമങ്ങളേയും കുറിച്ച് സാക്ഷി പറയുന്നതായിരിക്കും. മുൻകാല ന്യായപ്രമാണങ്ങളിൽ കാലഹരണപ്പെട്ടതും അവശേഷിച്ചിട്ടുള്ളതുമായതെല്ലാം ഇനി ഇതാണ് നിർണയിക്കുക. വിശുദ്ധഖുർആൻ അവസാന ന്യായപ്രമാണഗ്രന്ഥമാകുന്നു. നബി(സ)ക്ക് അല്ലാഹു ഇറക്കിക്കൊടുത്തതാണത്.

അതിലെ ഓരോ പദങ്ങളും സത്യവും അല്ലാഹുവിൽനിന്നുള്ളതുമാണ്. മുൻകാലഗ്രന്ഥങ്ങളെ സാക്ഷ്യപ്പെടുത്തുന്നതാണത്. സത്യം എന്നത് എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് വിശുദ്ധഖുർആനിലാണ്. മുൻകാലഗ്രന്ഥങ്ങളുടെ ഏടുകളിൽ വിശുദ്ധഖുർആൻ സാക്ഷ്യപ്പെടുത്തുന്നതാണ് സത്യമായിട്ടുള്ളത്. അതിനെ എല്ലാ ഗ്രന്ഥങ്ങളുടെയും കാവൽക്കാരനാക്കിയിരിക്കുന്നുവെന്ന് അതുതന്നെ പറയുന്നു. 'മുഹയ്മിനൻ അലയ്ഹി' എന്നതിന്റെ അടിസ്ഥാനത്തിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ വിശദീകരണമാണിത്.

മാഇദാ അധ്യായത്തിൽ 49-ാം വചനത്തിന്റെ ആരംഭത്തിൽ അല്ലാഹു പറയുന്നു: ***വഅൻസ്സൽനാ ഇലയ്ക്കൽകിതാബ ബിൽഹഖ്ഖി മുസദ്ദിഖൻല്ലിമാ ബയ്ന യദയ്ഹി മിനൽകിതാബി വമുഹയ്മിനൻ അലയ്ഹി. വമുഹയ്മിനൻ അലയ്ഹി*** എന്നു പറഞ്ഞുകൊണ്ട് അല്ലാഹു വിശുദ്ധഖുർആന്റെ സംരക്ഷണത്തേയും ഇവിടെ ഊന്നിപ്പറഞ്ഞിരിക്കുന്നു. മുൻകാലഗ്രന്ഥങ്ങൾ എന്നെന്നേക്കും സുരക്ഷിതമായിരിക്കുമെന്നതിന് ഒരുറപ്പും കൊടുത്തിരുന്നില്ല. പക്ഷേ, ഈ വിശുദ്ധഖുർആൻ ഇപ്പോൾ അവയുടെ മേൽനോട്ടക്കാരനും കാവൽക്കാരനുമാണ്. ആ നിലയിൽ സ്വയം സുരക്ഷിതവുമാണ്. ഇതുസംബന്ധമായി വ്യക്തമായും അല്ലാഹു മറ്റൊരിടത്ത് പറയുന്നു. ***ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*** (15:10). ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തന്റെ ഗ്രന്ഥത്തെ താൻതന്നെ സംരക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞിരിക്കുകയാണ്. ഇത് സത്യമാണോ അല്ലേ എന്ന് ഇനി നിങ്ങൾ നോക്കുക. ഇത് നബി(സ) തിരുമേനിക്ക് അല്ലാഹുവിൽനിന്ന് ഇറക്കപ്പെട്ട അതേ നിലയിൽ സുരക്ഷിതമായി നിലനിന്നുവരുന്നു."

ഖുർആനെക്കുറിച്ചുള്ള അല്ലാഹുവിന്റെ ഈ സംരക്ഷണവാഗ്ദാനം, മുൻഗ്രന്ഥങ്ങളിലുള്ളതിൽ എന്തിനെയെല്ലാമാണോ വിശുദ്ധഖുർആൻ സത്യപ്പെടുത്തുന്നത് അതുമാത്രമായിരിക്കും സത്യമായ കാര്യങ്ങൾ എന്ന് വിളിച്ചോതുന്നു. അമുസ്ലിംകൾ വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ, പക്ഷേ മതകാര്യങ്ങളിൽ താൽപര്യം കാണിക്കുന്ന അവരിലെ ഒരു വലിയ വിഭാഗം വിശ്വാസിക്കുന്നത് തങ്ങളുടെ ഗ്രന്ഥങ്ങൾ നൂറുശതമാനവും യഥാർത്ഥ നിലയിലുള്ളതല്ലെന്നാണ്. നൂറുശതമാനവും അതനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമവും നടക്കുന്നില്ല. വിശുദ്ധഖുർആനെ സംബന്ധിച്ച് അതിറങ്ങിയ കലം മുതൽ ഇന്നുവരെ അതതിന്റെ യഥാർത്ഥനിലയിൽ നില്ക്കുന്നുവെന്നും അവർ സമ്മതിക്കുന്നു; ചിലർ ഇതിൽ സംശയങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് അമേരിക്കയിൽ നടത്തിയ ഒരു ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അവർ നടത്തിയ ശ്രമങ്ങളെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടന്നുവരികയാണ്. എന്നാൽ, ഇതുവരെ അവർക്ക് തങ്ങളുടെ വാദം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിശുദ്ധഖുർആൻ ഇന്നും ശരിയായ നിലിയൽതന്നെയാണുള്ളതെന്ന് അവർ സമ്മതിക്കുന്നു. ഇക്കാര്യമാണ് വിശുദ്ധഖുർആന് മറ്റു ഗ്രന്ഥങ്ങളുടെമേൽ ശ്രേഷ്ഠത നല്കുന്നത്.

വിശുദ്ധഖുർആൻ മറ്റു ഗ്രന്ഥങ്ങളുടെ കാവൽക്കാരനാണെന്നുള്ള അതിന്റെ വാദം ശരിയാണെന്നതിനുള്ള തെളിവാണ് മറ്റു ഗ്രന്ഥങ്ങളുടെ യഥാർത്ഥ അധ്യാപനങ്ങളും മുൻകഴിഞ്ഞ നബിമാരുടെ ജീവിത സംഭവങ്ങളും ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു എന്നത്. മുൻകാലഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങളിൽ വിശുദ്ധഖുർആൻ സത്യപ്പെടുത്തിയിട്ടുള്ളത് മാത്രമാണ് സത്യം. ഇതുകൊണ്ടുള്ള ഉദ്ദേശ്യം വിശുദ്ധഖുർആന്റെ അധ്യാപനം സ്ഥായിയും എക്കാലത്തേക്കുമുള്ളതുമാകുന്നു എന്നതാണ്. ഓരോ കാലത്തെ അവസ്ഥയ്ക്കനുസരിച്ച് ഇതിൽ ചിന്തിക്കുന്നവർക്ക് ഈ അധ്യാപനത്തിന്റെ അത്ഭുതങ്ങളും രഹസ്യങ്ങളും തുറക്കപ്പെടുന്നതാണ്. ജമാഅത്തീ തലത്തിലോ സാമൂഹികതലത്തിലോ മാത്രമല്ല മറിച്ച് വ്യക്തിപരമായ തലത്തിലും ഈ ഗ്രന്ഥത്തിൽ വിശ്വസിക്കുകയും ചിന്തിക്കുകയും ഫലമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും ഇതിൽനിന്ന് ഫലമുണ്ടാകുന്നതാണ്. അതായത് ആത്മീയമായനിലയിലും ഭൗതികമായ നിലയിലും ഓരോ വ്യക്തിക്കും ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയും. അതിനാൽ യഥാർത്ഥമായ നിലയിൽ ഫലമെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട അധ്യാപനത്തിന്റെ നുകം നിങ്ങളുടെ പിടലിയിൽ ഇടേണ്ടിവരും. എന്നാൽ ഓരോരുത്തരും ഈമാനിൽ പുരോഗതി നേടിക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ 'മുഹയ്മിൻ' എന്ന വിശേഷഗുണത്തിൽ നിന്ന് ഫലമെടുക്കുകയും ചെയ്യും. അതുകൊണ്ട് ഈ ഫലം നേടിയെടുക്കുന്നതിനായി അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും അതിൽ വിവരിക്കപ്പെട്ട കല്പനകൾ പ്രാവർത്തികമാക്കുകയും അതിൽ പറഞ്ഞിരിക്കുന്ന നന്മകളിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യേണ്ട ആവശ്യമുണ്ട്. അല്ലാഹുതആല മറ്റൊരിടത്ത് പറയുന്നു: ***വലികുല്ലിൻവ്വിജ്ഹത്തുൻ ഹുവ മുവല്ലീഹാ ഫസ്തബിഖുൽ ഖയ്റാത്ത്*** ഓരോരുത്തനും ഓരോ ലക്ഷ്യസ്ഥാനമുണ്ട്. അതിന്റെ നേർക്ക് അവൻ തന്റെ ശ്രദ്ധ മുഴുവൻ തിരിക്കുന്നു. നിങ്ങളുടെ ലക്ഷ്യസ്ഥാനം നന്മകളിൽ മത്സരിച്ചു മുന്നേറാൻ ശ്രമിക്കുക എന്നതായിരിക്കണം (2:149). അതിനാൽ, ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരാൻ ഇതിലെ നന്മകൾ നടപ്പിൽ വരുത്തുകയും അല്ലെങ്കിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുകയും നന്മകൾക്ക് മറ്റുള്ള എല്ലാ കാര്യങ്ങളേക്കാളും പ്രാധാന്യം നല്കുകയും ചെയ്യേണ്ടതായിവരും. മാഇദാ അധ്യായത്തിലെ 49-ാം വചനത്തിന്റെ

ആദ്യഭാഗത്ത് മുൻകാലഗ്രന്ഥങ്ങളെക്കുറിച്ച് പറഞ്ഞു കൊണ്ട്, അക്കൂട്ടർ അവർക്ക് നല്കപ്പെട്ടിരുന്ന അധ്യാപനത്തെ മറന്നുകളഞ്ഞുവെന്ന് ഓർമ്മപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഫലമായി ആ ഗ്രന്ഥങ്ങളിൽ മാറ്റത്തിരുത്തലുകൾ ഉണ്ടാകാൻ തുടങ്ങി. അതുകൊണ്ട് ആ ദൈവാനുഗ്രഹങ്ങളിൽനിന്നും അവർ പിന്തള്ളപ്പെട്ടു. അവർ മറക്കാതിരിക്കുകയും അതിൽ മാറ്റത്തിരുത്തലുകൾ വരുത്താതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടുമായിരുന്നില്ല. യഹൂദികളും ക്രിസ്ത്യാനികളും പിന്നീട് നബി(സ)യിൽ വിശ്വസിക്കുന്നവരായി തീരുമായിരുന്നു. എന്നാൽ, വിശുദ്ധഖുർആനെക്കുറിച്ച് 'ഇതിൽ മാറ്റത്തിരുത്തലുകൾ ഉണ്ടാകുകയില്ല' എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതിനെ അല്ലാഹുതന്നെ സംരക്ഷിക്കുന്നതാണ്. കഴിഞ്ഞ 1500 വർഷമായി അതിറങ്ങിയതുപോലെ ഇന്നും സുരക്ഷിതമായി നിലകൊള്ളുന്നു. ലക്ഷക്കണക്കിന് ഹാഫിളുമാരുടെ ഹൃദയങ്ങളിൽ അത് സുരക്ഷിതമാണ്. മുജദ്ദിദുമാർ മുഖേന അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മങ്ങളും എന്നെന്നും സുരക്ഷിതമായി നിലനിന്നു; അത് കുറഞ്ഞ അളവിലാണെങ്കിൽപോലും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിനുശേഷം അതിന്റെ അധ്യാപനത്തിന്റെ തെളിമയാർന്ന വശം കൂടുതലായി കാണിച്ചുകൊണ്ട് അല്ലാഹുതആല ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന നമ്മളിൽ അത് വെളിപ്പെടുത്തി. അതുകൊണ്ട് ***അധ്യാപനങ്ങൾ അലങ്കോലപ്പെട്ടുപോകുന്ന പ്രശ്നം ഉദിക്കുന്നില്ല. പക്ഷേ, വ്യക്തികൾ അലങ്കോലപ്പെട്ടുപോകാനുള്ള സാധ്യതയുണ്ട്.*** അതിനാൽ അതിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ഓരോ വ്യക്തിയോടും താക്കീതു ചെയ്തു പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്ന സൽകർമ്മങ്ങളിലേക്കും നന്മകളിലേക്കും ശ്രദ്ധിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സംരക്ഷണത്തിൽ ഇരിക്കാൻ കഴിയും. വിശുദ്ധഖുർആൻ കാവൽക്കാരനായതുകൊണ്ട് എല്ലാ തീരുമാനവും അതനുസരിച്ച് എടുക്കണമെന്ന് അതിൽ മുന്നറിയിപ്പ് നല്കപ്പെട്ടിരിക്കുന്നു. നന്മകളുടെ നിലവാരം വിശുദ്ധഖുർആൻ അനുസരിച്ച് ഇനി നിശ്ചയിക്കപ്പെടേണ്ടതാണ്. അല്ലാഹു വേറൊരിടത്ത് പറയുന്നു:

إِنَّ الَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ﴿٥٨﴾

തങ്ങളുടെ നാഥനെക്കുറിച്ചുള്ള ഭയം നിമിത്തം വിറക്കുന്നവരാണവർ. വീണ്ടും പറഞ്ഞു.

وَالَّذِينَ هُم بِآيَاتِ رَبِّهِمْ يُؤْمِنُونَ ﴿٥٩﴾

തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരാണവർ. വീണ്ടും പറഞ്ഞു.

وَالَّذِينَ هُم بِرَبِّهِمْ لَا يُشْرِكُونَ ﴿٦٠﴾

തങ്ങളുടെ നാഥനോട് ഒന്നിനേയും പങ്കുചേർക്കാത്തവരാണവർ. വീണ്ടും പറഞ്ഞു.

وَالَّذِينَ يُؤْتُونَ مَا آتَوا وَّقُلُوبُهُمْ وَجِلَةٌ
أَنَّهُمْ إِلَىٰ رَبِّهِمْ رَاجِعُونَ ﴿٦١﴾

തങ്ങളുടെ നാഥനിലേക്ക് മടങ്ങിച്ചെല്ലുന്നവരാണെന്ന കാരണത്താൽ ഹൃദയം ഭയപ്പെട്ടുകൊണ്ട് തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരാണവർ.

ഈ പ്രത്യേകതകൾ വിവരിച്ചതിനുശേഷം അല്ലാഹു പറഞ്ഞു:

أُولَٰئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا
سَابِقُونَ ﴿٦٢﴾

അക്കൂട്ടർ നന്മകളിൽ ധിറുതിപ്പെടുന്നവരും അവർ അതിലേക്ക് 'താൻ മുമ്പേ, താൻ മുമ്പേ' എന്ന നിലയിൽ മുൻകടക്കുന്നവരുമാണ് (23:58-60).

ഈ വചനങ്ങളിൽ നന്മകളിൽ പുരോഗതി പ്രാപിക്കുന്നവരുടെ കുറച്ച് പ്രത്യേകതകളാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഒന്നാമതായി, അവരുടെ ലക്ഷ്യസ്ഥാനം ഭൗതികതയായിരിക്കുകയില്ല. നിങ്ങളുടെ ലക്ഷ്യസ്ഥാനം നന്മകളിൽ അഭിവൃദ്ധിപ്പെടുക എന്നതായിരിക്കണമെന്ന് മുമ്പേ പറഞ്ഞുവല്ലോ. എന്നല്ല, അത്തരക്കാരുടെ മുഖ്യമായ ലക്ഷ്യസ്ഥാനം, അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് അന്വേഷിക്കുക എന്നതായിരിക്കും. അല്ലാഹുവുമായിട്ടുള്ള അവരുടെ ബന്ധം വെറും വാക്കുകളിലൂടെയുള്ളതായിരിക്കുകയില്ല. മറിച്ച്, അല്ലാഹുവിനോടുള്ള ഭയം അവരുടെ ഹൃദയങ്ങളിൽ നിലകൊള്ളും. അതായത് അല്ലാഹുവിനോടുള്ള ഭയം അവരിലുണ്ടാകുന്നു. ഈ ഭയവും പേടിയും അല്ലാഹുവുമായുള്ള ബന്ധവും കാരണത്താൽ അവർ അവന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നു. അല്ലാഹുവിന്റെ ഉണ്മ ഓരോ പ്രവർത്തിക്കും മുമ്പേ തങ്ങളെക്കുറിച്ചുള്ള ബോധം അവരിലുണ്ടാക്കുന്നു. അല്ലാഹു ഉണ്ടെന്നും അവൻ തങ്ങളെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നുവെന്നും അവർ മനസ്സിലാക്കുന്നു. അങ്ങനെ അവർ തങ്ങളുടെ ഈമാനിൽ പുരോഗതി നേടാൻ ശ്രമിക്കുകയും അല്ലാഹുവിന്റെ എല്ലാ വചനങ്ങളിലും അവന്റെ പ്രവചനങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആൻ എന്നെന്നും നിലനില്ക്കുന്ന ഒരു

ഗ്രന്ഥമാണ്.

അതിൽ മുൻകാല ഗ്രന്ഥങ്ങളും ശരിയാക്കി നല്കിയിരിക്കുന്നു. അല്ലെങ്കിൽ അവയെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇസ്ലാം ഭാവിയിലും ജീവിക്കുമെന്നതിനുള്ള അടയാളങ്ങളും വെളിപ്പെടുത്തിത്തന്നു. ഇക്കാലഘട്ടത്തിൽ വാഗ്ദത്ത മഹ്ദി മസീഹിന്റെ ആവിർഭാവവും ആ അടയാളങ്ങളിൽ ഒരു അടയാളമാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിഷേധിക്കുന്നതും അല്ലാഹുവിന്റെ അടയാളങ്ങളെ നിഷേധിക്കുന്നതിന് തുല്യമാണ്.

ഇന്ന് മുസ്ലിംകളിലെ ബഹുഭൂരിപക്ഷവും ***സിറാത്തല്ലദീന അൻഅംത അലയ്ഹിം*** എന്ന് പ്രാർത്ഥിക്കുന്നവരായിട്ടും അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയെ നിഷേധിച്ചുകൊണ്ട് ***മഗ്ളൂബിഅലയ്ഹിമി ന്റേയും ളാല്ലീന്റേയും*** കാലടിപ്പാദങ്ങളെ പിൻപറ്റാൻ ശ്രമിക്കുകയാണ്. വാസ്തവത്തിൽ മറ്റുള്ളവരുടെ കാര്യങ്ങളും ഇനി തീരുമാനിക്കുന്നത് ഈ ഗ്രന്ഥമാണെന്ന് അറിയിച്ചുകൊണ്ട് നിങ്ങളും നിങ്ങളുടെ വിശ്വാസത്തെ പൂർണ്ണമാക്കാൻ ശ്രമിക്കണമെന്ന് മുസ്ലിംകളോട് അല്ലാഹു പറഞ്ഞിരുന്നു. വായകൊണ്ട് മാത്രമല്ല, വിശുദ്ധവചനങ്ങളെ ബാഹ്യമായനിലയിൽ ആദരിച്ചുകൊണ്ടുമാത്രവുമല്ല. മറിച്ച്, ഇതുസംബന്ധമായി വന്നിട്ടുള്ള പ്രവചനങ്ങളിൽ ചിന്തിച്ചുകൊണ്ട് തങ്ങളുടെ കാലത്ത് ഏതെങ്കിലും പ്രവചനം പൂർത്തിയായി കണ്ടാൽ അതിലും വിശ്വസിക്കേണ്ടതാണ്. ഇന്ന് ഈ ഈമാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചെങ്കിലേ പൂർണ്ണമാവുകയുള്ളൂ എന്ന് ഞാൻ പറയുകയുണ്ടായി. ഇതുകൂടാതെ അത് സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധഖുർആൻ മുൻകാല നബിമാരുടേയും ഗ്രന്ഥങ്ങളുടേയുംമേൽ ഔദാര്യം ചെയ്തിരിക്കുന്നു. കഥയുടെ രൂപത്തിലായിരുന്ന അവയുടെ അധ്യാപനങ്ങൾക്ക് വൈജ്ഞാനികമായ നിറം പകർന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു, വിശുദ്ധഖുർആൻ പഠിക്കാത്തിടത്തോളം ആ കഥകളും വൃത്താന്തങ്ങളും മുഖേന ആരും മോക്ഷം പ്രാപിക്കുകയില്ല; കാരണം ***ഇന്നഹൂ ലഖൗലുൻ ഫസ്ലുൻ വമാഹുവ ബിൽഹസ്ൽ*** എന്നത് വിശുദ്ധ ഖുർആന്റെ തേജോവിലാസമാണ് (അതായത് നിശ്ചമായും ഇതൊരു ഖണ്ഡനവചനമാകുന്നു. ഇത് വിനോദവാക്കല്ല). ഈ വ്യവസ്ഥിതി മുഹയ്മിനും നൂറും ശഫായും റഹ്മത്തുമാകുന്നു. വിശുദ്ധഖുർആൻ പഠിക്കുകയും എന്നാൽ, അതിനെ കഥ എന്ന നിലയിൽ മനസ്സിലാക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ അത് പഠിച്ചിട്ടില്ല. മറിച്ച്, അതിനെ അവഹേളിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ എതിരാളികൾ എന്തുകൊണ്ടാണ് തങ്ങളുടെ എതിർപ്പുകളിൽ ഇത്രമാത്രം ഉശിരന്മാരാകുന്നത്. വിശുദ്ധഖുർആൻ അടിമുടി പ്രകാശവും തത്ത്വശാസ്ത്രവും ദൈവജ്ഞാനവുമാണെന്ന് അല്ലാഹു പറഞ്ഞതുപോലെ നാം അതിനെ നിവർത്തിക്കാണിക്കാൻ ആഗ്രഹിക്കുന്നു എന്നതുകൊണ്ടുമാത്രമാണ്. വിശുദ്ധഖുർആന് കഥയേക്കാളുപരി ഒരു സ്ഥാനം നല്കാൻ അവരാഗ്രഹിക്കുന്നില്ല. നമുക്കിത് സഹിക്കാൻ വയ്യ. വിശുദ്ധഖുർആൻ ജീവസ്സുറ്റതും തെളിമയാർന്നതുമായ ഒരു ഗ്രന്ഥമാണ് എന്ന് അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതുകൊണ്ട് അതിനെ എതിർക്കുന്നതിനെ നാം എന്തിന് ഗൗനിക്കണം. ചുരുക്കത്തിൽ ഞാനുമായി ബന്ധം വയ്ക്കുന്നവരെ ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുകയാണ്, അല്ലാഹു ഈ ജമാഅത്തിനെ യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തിന്നുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതുകൂടാതെ കർമ്മപരമായ ജീവിതത്തിൽ, ഒരു പ്രകാശമോ വെളിച്ചമോ ഉണ്ടാവുകയില്ല. പ്രാവർത്തികമായ സത്യതയിലൂടെ ഇസ്ലാമിന്റെ ഗുണങ്ങൾ ലോകത്ത് വെളിപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു; അല്ലാഹു എന്നെ ഈ ജോലിക്കായി നിയോഗിച്ചിരിക്കുന്നതുപോലെതന്നെ. അതിനാൽ വിശുദ്ധഖുർആൻ അധികമായി പാരായണം ചെയ്യുക; വെറും കഥയെന്നോണമല്ല- മറിച്ച്, ഒരു നിർബന്ധകടമയാണെന്ന് കരുതി." നന്മകളിൽ മുൻകടക്കുന്നവർ തന്നോട് ആരേയും പങ്കുചേർക്കുകയില്ലെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. മസീഹ് മൗഊദ് വരുന്ന കാലഘട്ടത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് അല്ലാഹു സൂറഃജുമുഅയിൽ പറയുന്നു, ഗോപ്യമായ ശിർക്കുകൾ അക്കാലത്തെ മുസ്ലിംകളിൽ കാണാൻ കഴിയും. അതായത് മുസ്ലിംകൾ എന്ന് പറയപ്പെട്ടിട്ടും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധയുണ്ടാവുകയില്ല. വ്യാപാരങ്ങളും അലങ്കാരവസ്തുക്കളും നമസ്കാരത്തേക്കാൾ കൂടുതൽ പ്രിയങ്കരമായി അവർ കാണുന്നുണ്ടാകും.നന്മകളിൽ അഭിവൃദ്ധിപ്പെടുന്നതിനു പകരം യഹൂദികളേയും ക്രിസ്ത്യാനികളേയും പോലെ ഇസ്ലാമിന്റേയും ഖുർആന്റേയും പാഠങ്ങളെ അവർ മറന്നുകൊണ്ടിരിക്കും. ആരാധനാകർമ്മങ്ങളിലേക്കും സൽകർമ്മങ്ങൾ ചെയ്യുന്നതിലേക്കും ശ്രദ്ധ നന്നേ കുറവായിരിക്കും. ഇന്ന് മുസ്ലിംകളിൽ ഭൂരിഭാഗവും ഇതേ പാതയിലൂടെ നടക്കുന്നത് നാം കാണുന്നു. ഇത് നമ്മളെ ഉണർത്തേണ്ടതാണ്. അതായത് നമ്മളും ശരീരേച്ഛയുടെ വഞ്ചനയിൽ നമ്മെ അകപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധന നടത്തിക്കൊണ്ടിരിക്കണം.

പിന്നെയൊരു അടയാളം പറഞ്ഞത്, നന്മയിൽ അഭിവൃദ്ധിപ്പെടുന്നവർ തങ്ങളുടെ സമ്പത്ത് ഇരുകൈകളുംകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു എന്നാണ്. എങ്കിലും അല്ലാഹു ആഗ്രഹിക്കുന്ന നിലവാരത്തിലേക്ക് ഉയരുന്നുണ്ടോ എന്ന ശങ്ക അവശേഷിക്കുന്നു. ആ നിലയിൽ എത്താതെ താഴത്തേനിലയിൽ നിന്നുകൊണ്ട് അല്ലാഹുവിന്റെ വെറുപ്പ് വിലക്കെടുക്കുന്നവരായിത്തീരുമോ? ഈ കാര്യം, നേർത്ത

തിൽ നേർത്തതായ നന്മയിലേക്കും പിന്നീട് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടുപോകുന്നതാണ്. അതിനു വേണ്ടി ഒരു സത്യവിശ്വാസി പരിശ്രമിക്കുന്നുവെന്നു മാത്രമല്ല അതിൽ അഭിവൃദ്ധിപ്പെടാനും ശ്രമിക്കുന്നതാണ്. അല്ലാഹു പറയുന്നു, ഈ കർമ്മമുണ്ടാകുമ്പോൾ ഏകനായ അല്ലാഹുവിന്റെ അഭയത്തിൽ വസിക്കുന്നതായിരിക്കും. അവനല്ലാതെ ആരാധ്യനായി മറ്റാരും ഇല്ല. ആകാശത്തിന്റേയും ഭൂമിയുടേയും രാജാവാണ് അവൻ. അവൻ പരമപരിശുദ്ധനാണ്. ശാന്തി നല്കുന്നവനാണ്. കാവൽക്കാരനാണ്. പ്രതാപവാനാണ്. തകർന്നുപോയതെല്ലാം നന്നാക്കിത്തീർക്കുന്നവനാണ്. മഹത്വമുടയവനാണ്. ഇതിനെക്കുറിച്ച് അല്ലാഹു ഹശ്ർ എന്ന അധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. അതിനാൽ അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളെക്കുറിച്ച് അറിവ് നേടുക എന്നത് ഓരോ സത്യവിശ്വാസിയുടെയും നിർബന്ധകടമയാണ്. ഇതിനായി ശ്രമിക്കുമ്പോൾ വിശ്വാസത്തിലും അഭിവൃദ്ധിപ്പെടും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. തബ്റുസി, സൂറാ ഹശ്റിനെ സംബന്ധിച്ച് ഒരു ഹദീഥ് വിവരിക്കുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഞാനെന്റെ പ്രിയപ്പെട്ട നബി(സ)യോട് അല്ലാഹുവിന്റെ ഇസ്മെ അഅ്ളമിനെ സംബന്ധിച്ച് ചോദിച്ചു അപ്പോൾ ആമഹാത്മാവ് പറഞ്ഞു സൂറ ഹശ്റിന്റെ അവസാനത്തെ വചനങ്ങൾ ധാരാളമായി പാരായണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുക. ഹദ്റത്ത് അബൂ ഉമാമ(റ) നബി കരീം(സ)യിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു ആരാണോ സൂറഃ ഹശ്റിന്റെ അവസാനത്തെ വചനങ്ങളെ രാത്രിയോ പകലോ പാരായണം ചെയ്യുന്നത് ആ രാത്രി അവൻ മരണപ്പെട്ടാൽ അവന് സ്വർഗ്ഗം ഉറപ്പായിരിക്കും. ആ വചനങ്ങൾ ഇതാണ്.

هُوَ اللّٰهُ الَّذِىۡ لَاۤ اِلٰهَ اِلَّا هُوَ‌ ۚ عٰلِمُ الۡغَيۡبِ وَالشَّهَادَةِ‌ ۚ هُوَ الرَّحۡمٰنُ الرَّحِيۡمُ ۝
هُوَ اللّٰهُ الَّذِىۡ لَاۤ اِلٰهَ اِلَّا هُوَ ۚ اَلۡمَلِكُ الۡقُدُّوۡسُ السَّلٰمُ الۡمُؤۡمِنُ الۡمُهَيۡمِنُ الۡعَزِيۡزُ الۡجَـبَّارُ الۡمُتَكَبِّرُ‌ ؕ سُبۡحٰنَ اللّٰهِ عَمَّا يُشۡرِكُوۡنَ ۝
هُوَ اللّٰهُ الۡخَـالِـقُ الۡبَارِئُ الۡمُصَوِّرُ لَـهُ الۡاَسۡمَآءُ الۡحُسۡنٰى‌ ؕ يُسَبِّحُ لَهٗ مَا فِى السَّمٰوٰتِ وَالۡاَرۡضِ‌ ۚ وَهُوَ الۡعَزِيۡزُ الۡحَكِيۡمُ ۝

"അവനാണ് അല്ലാഹു. അവനല്ലാതെ ഒരു ആരാധ്യനുമില്ല; പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാമയനും അവൻ തന്നെയാണ്. അവനാണ് അല്ലാഹു. അവനല്ലാതെ ഒരു ആരാധ്യനുമില്ല. മഹാരാജാവും പരമപരിശുദ്ധനും സമാധാന സമ്രാട്ടും അഭയദാതാവും രക്ഷാപരിപാലകനും പ്രതാപവാനും തകർന്നുപോയതിനെയെല്ലാം നന്നാക്കിത്തീർക്കുന്നവനും മഹാപ്രഭാവനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധൻ. അവൻ, സ്രഷ്ടാവും ഇല്ലാത്ത അവസ്ഥയിൽനിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉത്കൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെപരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു."

വെറും പാരായണം ചെയ്യുന്നതുകൊണ്ടു മോക്ഷംലഭിക്കുകയില്ല എന്നത് മനസ്സിലാക്കേണ്ടതാണ്. ഖുർആൻ പാരായണവും നല്ല പ്രവർത്തിയാണെന്നത് ശരിതന്നെ. വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ളതുമാണത്. പക്ഷേ, അല്ലാഹു ആരാധനാ എന്നത് മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യമായി പറഞ്ഞിരിക്കുന്നു. ചില ആരാധകർക്ക് ശാപമുണ്ടാകുമെന്നുംപറഞ്ഞിട്ടുണ്ട്. അത്എന്തുകൊണ്ടാണ്? അത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടിനടത്തുന്ന ആരാധനയാണ്. മനസ്സുകൊണ്ട് അതനുഷ്ഠിക്കപ്പെടുന്നില്ല. അതിനാൽ, പാരായണം മാത്രം മോക്ഷത്തിന് കാരണമാവുകയില്ല. ചിന്തിക്കാതെ, വചനങ്ങൾ ഓതിയതുകൊണ്ടുമാത്രം അതിൽ മോക്ഷം ലഭിക്കുകയില്ല. അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ മനസ്സിലാക്കാതേയും അതിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ പ്രാർത്ഥിക്കാതേയും അതിനുവേണ്ടി പരിശ്രമിക്കാതേയും സ്വന്തം ആരാധനയുടെ നിലവാരം ഉയർത്താതേയും ദൈവത്തിനു വേണ്ടി മാത്രം ആരാധന നടത്താതേയും സൽകർമ്മങ്ങൾ ചെയ്യാൻ പ്രയത്നിക്കാതേയും ഖുർആനിൽ പറഞ്ഞ നന്മകളിൽ ചിന്തിച്ച് അത് നടപ്പിൽ വരുത്താൻ ഉത്സാഹിക്കാതേയും കണ്ട് വെറും ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അത് നിഷ്പ്രയോജനമായിരിക്കും.

ആത്മാർത്ഥതയോടുകൂടി അവനെ ആരാധിക്കുകയാണെങ്കിൽ അതായിരിക്കും നന്മയുടെ നിലവാരം ഉയർത്തുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും ഇതുതന്നെയാണ്. അതായത്, അത്തരം കർമ്മങ്ങളാണ് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതെന്ന്.

അദൃശ്യങ്ങളും ദൃശ്യങ്ങളും അറിയുന്നവനായ അല്ലാഹുവിന്റെ- അവൻ ആലിമുൽ ഗയ്ബി വശ്ശഹാദയാണ്- മുന്നിൽ സത്യവിശ്വാസി നില്ക്കുമ്പോൾ അവനെ വഞ്ചിക്കാൻ സാധിക്കുകയില്ല എന്ന് മനസ്സി

ലാക്കിക്കൊണ്ടായിരിക്കും അവൻ മുന്നോട്ടുപോകുന്നത്. അപ്പോൾ ഒരു സത്യവിശ്വാസി ചെയ്യുന്ന ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായിരിക്കും. അവനെ ഭയന്നുകൊണ്ടായിരിക്കും അവൻ എന്തും പ്രവർത്തിക്കുന്നത്. അപ്പോഴാണ് അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അനുഗ്രഹങ്ങൾ അവന് ലഭിക്കുന്നത്. അവനുവേണ്ടി പൊറുക്കലിനുള്ള സാഹചര്യം അല്ലാഹു ഒരുക്കുന്നു. ചിന്തയും ആലോചനയും കൂടാതെ വായകൊണ്ട് മാത്രം പറയുക എന്നത്, അത് പ്രാപിക്കാൻ മതിയാവുകയില്ല. ഇതിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടത്. ഈമാനോടൊപ്പം മനുഷ്യൻ ഈ വചനങ്ങൾ പാരായണം ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രിയം കരസ്ഥമാക്കുന്നവനായിത്തീരും.

അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യന്റെയുള്ളിൽ യഥാർത്ഥമായ വിശ്വാസമുണ്ടാകുമ്പോൾ അവന് കർമ്മങ്ങളിൽ ഒരു പ്രത്യേക നിർവൃതിയുണ്ടാകുന്നു. അവന്റെ ദൈവജ്ഞാനത്തിന്റെ കണ്ണുകൾ തുറക്കപ്പെടുന്നു. നമസ്കരിക്കേണ്ടത് ഏതു രീതിയിലാണോ ആ രീതിയിൽ അവൻ നമസ്കരിക്കുന്നു. പാപങ്ങളിൽനിന്ന് അവന് ഉണർച്ചയുണ്ടാകുന്നു. അവിശുദ്ധ മജ്ലിസുകളെ വെറുക്കുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മഹത്വം പ്രകടിപ്പിക്കുന്നതിനായി ഉള്ളിൽ പ്രത്യേകമായ ആവേശവും ഉത്സാഹവും ഉണ്ടാകുന്നു. അത്തരം വിശ്വാസം ഹദ്റത്ത് മസീഹിനെ കുരിശിലേറുന്നതിൽനിന്ന് തടയാഞ്ഞതുപോലെ അവനേയും തടയുകയില്ല. അവൻ അല്ലാഹുവിനുവേണ്ടി, അല്ലാഹുവിനുവേണ്ടി മാത്രം, ഹദ്റത്ത് ഇബ്റാഹീമിനെപോലെ തീയിൽ വീഴാൻ ഇഷ്ടപ്പെടുന്നു. അല്ലെങ്കിൽ അവന്റെ തൃപ്തി അല്ലാഹുവിന്റെ തൃപ്തിക്ക് വിധേയമാക്കുന്നു. പിന്നീട് ഹൃദയങ്ങളിലുള്ളതെല്ലാം അറിയുന്നവനായ അല്ലാഹുവിന് തന്നെ കീഴ്പ്പെടുത്തുന്നു. അങ്ങനെ അല്ലാഹു അവന്റെ സംരക്ഷകനും കാവൽക്കാരനുമായിത്തീരുന്നു. അല്ലാഹു അവനെ കുരിശിൽനിന്നും ജീവനോടെ ഇറക്കുന്നു. അഗ്നിയിൽനിന്നും സമാധാനത്തോടെ പുറത്തുകൊണ്ടുവരുന്നു. എന്നാൽ, ഈ അത്ഭുതങ്ങൾ കാണാറുള്ളവർ അല്ലാഹുവിൽ തികവുറ്റ വിശ്വാസമുള്ളവരാണ്. അല്ലാഹു നമ്മളിൽ ഓരോരുത്തരുടേയും ഈമാൻ പൂർണ്ണമാക്കിത്തീർക്കട്ടെ. അതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുവിന്റെ വിശേഷഗുണങ്ങളെ ശരിയായി മനസ്സിലാക്കിക്കൊണ്ട് എപ്പോഴും നന്മകളിൽ അഭിവൃദ്ധിപ്പെടുന്നവരാക്കട്ടെ. അല്ലാഹുവിന്റെ സംരക്ഷണത്തിൽ കഴിഞ്ഞുകൊണ്ട് അവന്റെ സഹായത്തിന്റെ ദൃശ്യങ്ങൾ കണ്ടുകൊണ്ടരിക്കുന്നവരാക്കട്ടെ.

ദുഃഖകരമായ രണ്ട് വാർത്തകൾ ലഭിച്ചിട്ടുണ്ട്. നമ്മുടെ ഖാദിയാനിലെ രണ്ട് യുവാക്കൾ കഴിഞ്ഞ ദിവസങ്ങളിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ജാമിയ അഹ്മദിയ്യ ഖാദിയാനിലെ വിദ്യാർത്ഥിയായ വസീം അഹ്മദാണ് ഒരാൾ. 21 വയസ്സായിരുന്നു. ഖാദിയാനടുത്തുള്ള ഹർച്ചുവാൽ നദിയിൽ കുളിച്ചുകൊണ്ടിരിക്കെ വെള്ളത്തിൽ മുങ്ങുകയായിരുന്നു. നല്ലവണ്ണം നീന്തൽ അറിയാം. കടലിൽ കുളിച്ച് നല്ല പരിചയമുണ്ട്. എന്നല്ല, മറ്റുള്ളവരെ നീന്തൽ പഠിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. വെള്ളത്തിൽ ചാടിയപ്പോൾ എവിടെയെങ്കിലും തലയിടിച്ചിട്ടുണ്ടാകാമെന്നാണ് തോന്നുന്നത്. രണ്ടുമൂന്ന് ദിവസത്തിനു ശേഷമാണ് ശരീരം കിട്ടിയത്. ആദ്യം അറിയാൻ കഴിഞ്ഞിരുന്നില്ല. എന്തായാലും അല്ലാഹുവിന്റെ വിധിയാണ്. മൂസിയായിരുന്നു. ലക്ഷദ്വീപ് വാസിയാണ്. രണ്ടാമത്തെ വിദ്യാർത്ഥി ഹാഫിസ് അത്ഹർ അഹ്മദാണ്. നായിബ് അഫ്സർ ജൽസ സാലാനയായ ഹാഫിസ് മദ്ഹർ അഹ്മദ് താഹിറിന്റെ മകനാണ്. ആഗസ്റ്റ് 3-ന് ഇശാ നമസ്കാരത്തിനുശേഷം ഹാഫിസ് സാഹിബ് തന്റെ മക്കളോടൊപ്പം ഏതോ ബന്ധുവിനെ കൂട്ടാൻ ബട്ടാലയിൽ പോയതായിരുന്നു. തിരിച്ചുവരുമ്പോൾ ഖാദിയാൻ എത്തുന്നതിന് മൂന്നുകിലോമീറ്റർ മുമ്പേ, മറിഞ്ഞുവീണു കിടന്നിരുന്ന വലിയൊരു മരത്തിൽ ഇവരുടെ വാഹനം ചെന്നിടിക്കുകയായിരുന്നു. ഹാഫിസ് അത്ഹർ അഹ്മദ് തൽക്ഷണം മൃതിയടഞ്ഞു. 19 വയസ്സായിരുന്നു. മറ്റുള്ളവർക്കും ഗുരുതരമായി പരിക്കേറ്റു. അത്ഹർ അഹ്മദ് ജാമിഅ അഹ്മദിയ്യായിൽ ഈ വർഷമാണ് പ്രവേശിച്ചത്. ഖുർആൻ ഹാഫിളായിരുന്നു. അല്ലാഹു രണ്ട് യുവാക്കൾക്കും മഗ്ഫിറത്ത് നല്കുമാറാകട്ടെ. അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം അവരുടെ ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 8.08.2008 at Baithul Futhuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala